## IX. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീമതി ഉമ തോമസ് അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

'കൊച്ചി-കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന പൊതുപരിപാടിക്കിടെ 29-12-2024-ന് സംഭവിച്ച അപകടവുമായി ബന്ധപ്പെട്ട് ഞാനിപ്പോൾ എറണാകുളം റിനൈ മെഡിസിറ്റി ഹോസ്പിറ്റലിൽ ചികിത്സയിലാണ്. തുടർചികിത്സ ഡോക്ടർമാർ നിർദേശിച്ചിട്ടുള്ളതിനാൽ ഇപ്പോൾ നടക്കുന്ന നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽനിന്നും വിട്ടുനിൽക്കുന്നതിന് എനിക്ക് അവധി അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു.'

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന കാലയളവിൽ ശ്രീമതി ഉമ തോമസിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭ അനുവാദം നൽകി)

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.